ശ്രീ. കെ. എ. മാത്യു : ഇതിന്റെ പണി എന്നു തുടങ്ങും?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ടെൻണ്ടർ വിളിച്ചിട്ടുണ്ട്. താമസിയാതെതന്നെ തുടങ്ങും.

തകഴി–എടത്വാ റോഡ്

*൨൭൪. (൨൪) ശ്രീ. കെ. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവല്ലാ–അമ്പലപ്പുഴ റോഡ് പുത്തിയാക്കുന്നതിനു വേണ്ടി തകഴി-എടത്വാഭാഗം തീക്കുന്നതിനു സ്ഥലവാസികൾ ഒരുമ്പെട്ടിട്ടുള്ളതു് ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള ചെലവിൽ എത്ര ഭാഗമാണു് ഗവൺമെൻറ് വഹിക്കാമെന്നേറ്റിട്ടുള്ളതു്;

(സി) ഈ റോഡു് തീക്കുന്നതിനു് ഗവൺമെൻറ് അമാന്തം കാണിക്കുന്നതു് എന്തുകൊണ്ടു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള) :

(എ) ഉണ്ടു്.

(ബി) ഈ പണിയുടെ അടങ്കൽ തുക ൫,൫൫,൦൦൦ രൂപയാണു്. ഈ തുക മുഴുവൻ ഗവൺമെൻറ് വഹിക്കുന്നതാണു്.

(സി) ഈ പണിയുടെ മൺവേലയ്ക്കു് അടങ്കൽ കൊടുത്തിട്ടുള്ള തകഴി-എടത്വാ റോഡു് കമ്മിറ്റിക്കാർ അവർ സമ്മതിച്ചിട്ടുള്ള റേറപ്രകാരം പണി തുടരുവാൻ ഇഷ്ടപ്പെടുന്നില്ല. അതിനാൽ പണിക്കു് അമാന്തം വന്നിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു : അങ്ങനെ ആ സ്ഥലത്തുള്ളവർക്കു് പ്രയാസമുണ്ടെന്നു കാണുന്നപക്ഷം ഗവൺമെൻറുതന്നെ ഈ പണി ഏറ്റെടുത്തു പുത്തിയാക്കുന്നതിനെപ്പറ്റി ആലോചിക്കുമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അപ്പോൾ വീണ്ടും ടെൻണ്ടർ വിളിക്കേണ്ടിവരും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : തകഴി-എടത്വാ റോഡിനു് എത്ര ദൂരമുണ്ടു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അതെന്റെ സ്നേഹിതനുതന്നെ അറിയാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ആ റോഡിന്റെ ഏതെങ്കിലും ഭാഗം ഇതിനുമുമ്പു് തീർന്നിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അവിടെ ഒരു ഡ്രഡ്ജർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : തിരുവല്ലാ-അമ്പലപ്പുഴ റോഡിലെ പണി എന്തെങ്കിലും നടന്നിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. വറുഗീസ് അഗസ്റ്റിൻ : ഇതിലേയ്ക്കു് നിയമിതമായ റോഡ് കമ്മിറ്റി ഈ റോഡിനുവേണ്ടി അനവധി പണം ചെലവുചെയ്തു എങ്കിലും ആ പണമെല്ലാം ഇപ്പോൾ ഉപയോഗപ്പെടാതെ നഷ്ടപ്പെട്ടിരിക്കുകയാണെന്നുള്ള വിവരം അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അറിവില്ല.

ശ്രീ. വറുഗീസ് അഗസ്റ്റിൻ : ഈ റോഡിന്റെ വക്കിനു് എസ്റ്റിമേറ്റു് റിവൈസു് ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അറിഞ്ഞുകൂടാ.

VANCHI POOR FUND

Sahib Bahadur V. A. Abdul Aziz: I may be permitted to put this question of Mr. Eapen Arakkal, as he is absent.

Mr. Speaker : Yes.

*275. [15] **Sri. Eapen Arakkal :** **Will the hon. the Chief Minister be pleased to answer the following questions.—

(*a*) what is the amount that stands to the credit of the Vanchi Poor Fund at present ; and

(*b*) is it now being utilised for any purpose ; if so for what ?

Minister for Public Works **(Sri. G. Chandrasekhara Pillai) :**

(*a*) Rs. 22,58,370.

(*b*) Yes; it is being utilised for the noon feeding of poor school children and for the daily morning feeding of the inmates of the Sri Chitra Home and the Ulloor Dharmalayam.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ് : ശ്രീ ചിത്രാ പൂവർ ഹോം ഈ ഫണ്ടുകൊണ്ടാണോ നടത്തുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : പൂവർഹോമിലെ കാലത്തുള്ള ആഹാരം ഇതിൽനിന്നും കൊടുക്കുന്നുണ്ടു്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ് : ശ്രീ ചിത്രാ പൂവർ ഹോം ഗവൺമെൻറിന്റെ അധീനതയിലുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടാണോ നടത്തുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അല്ല. അതിലേയ്ക്കു പ്രത്യേകം ഒരു കമ്മറ്റിയുണ്ടു്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ് : ആ കമ്മറ്റിയിൽ ഗവൺമെൻറിനു വിധേയമായി പ്രവർത്തിക്കുന്ന ആരെങ്കിലും ഉണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ഗവൺമെൻറ ഉദ്യോഗസ്ഥന്മാരും കണ്ടേയ്ക്കും.

ഇരുമ്പും ഉരുക്കും

*൨൭൩. (ശ്രീ വ) ശ്രീ വി. കെ. വറുഗീസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൺട്രോൾവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇരുമ്പു്, ഉരുക്കു് ഇവയുടെ ക്വൻ൫൦-൫൧ ക്വേക്കു് ഈ സംസ്ഥാനത്തിനുള്ള കോട്ട എത്ര ;

(ബി) അതിന്റെ വിതരണം സംബന്ധിച്ചുള്ള ചട്ടങ്ങൾ എന്തു് ?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര) :

(എ) ക്വൻ൫൦-ലും ക്വൻ൫൧-ലെ നാലു കാർട്ടറിലേയ്ക്കും കൂടി ആകെ ൨,൨൭൦ ടൺ അനുവദിച്ചിട്ടുണ്ടു്.

(ബി) ഇൻഡ്യാ ഗവൺമെൻറിന്റെ അയൺ ആൻഡ് സ്റ്റീൽ കൺട്രോൾ പ്രൊഡക്ഷൻ ആൻഡ് എക്കിക്യൂഷൻ ഓർഡർ, ക്വൻ൫൧ പ്രകാരമുണ്ടു്.

**Put by Sahib Bahadur V. A. Abdul Aziz with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly